പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 255 29-10-2026-ൽ മറുപടിയ്ക്ക്

തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രമേള

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സിറിയക് തോമസ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

(എ) ലോകസിനിമയിലെ മികച്ച ചലച്ചിത്രങ്ങൾ കേരളത്തിലെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തുന്നതിനും ചലച്ചിത്ര ആസ്വാദനവും നിരൂപണവും പ്രോത്സാഹിപ്പിക്കുന്നതിനും മലയാള ചലച്ചിത്ര മേഖലയിലെ നവീന പരീക്ഷണങ്ങൾക്ക് വേദിയൊരുക്കുന്നതിനും തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രമേള വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ലോകസിനിമയിലെ മികച്ച ചലച്ചിത്രങ്ങൾ പരിചയപ്പെടുത്തുന്നതിൽ കേരള അന്താരാഷ്ട്ര ചലച്ചിത്രമേള (ഐ.എഫ്.എഫ്.കെ) നിർണായകപങ്ക് വഹിക്കുന്നുണ്ട്. കാൻ, വെനീസ്, ബെർലിൻ, ലൊകാർണോ, റോട്ടർഡാം, സാൻ സെബാസ്റ്റ്യൻ, ടൊറന്റോ, സൺഡാൻസ്, ബുസാൻ തുടങ്ങിയ ലോകത്തെ മുൻനിര ചലച്ചിത്രമേളകളിൽ പ്രധാന പുരസ്കാരങ്ങൾ നേടിയ ചിത്രങ്ങളും ഔദ്യോഗിക സെലക്ഷൻ ലഭിച്ച ചിത്രങ്ങളും ഐ.എഫ്.എഫ്.കെയിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. ചലച്ചിത്രാസ്വാദനവും നിരൂപണവും പ്രോൽസാഹിപ്പിക്കുന്നതിന് ഐ.എഫ്.എഫ്.കെയോടനുബന്ധിച്ചുള്ള ഇൻ കോൺവെർസേഷൻ, പാനൽ ഡിസ്കഷൻ, ഓപ്പൺ ഫോറം തുടങ്ങിയ അക്കാദമിക് സ്വഭാവമുള്ള പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. മലയാള ചലച്ചിത്രമേഖലയിലെ നവീന പരീക്ഷണങ്ങൾക്കും ഐ.എഫ്.എഫ്.കെ വേദിയാവുന്നു. 14 മലയാള സിനിമകളാണ് മലയാളം സിനിമ റ്റുഡേ വിഭാഗത്തിലേക്ക് തെരഞ്ഞെടുക്കുന്നത്. ഇതിൽ 6 സിനിമകൾ നവാഗതരുടേതായിരിക്കണം എന്ന് നിയമാവലിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന മലയാളം സിനിമകൾക്ക് 2 ലക്ഷം രൂപ വീതം ഗ്രാന്റ് അനുവദിച്ചുവരുന്നു. രൂപത്തിലും ഉള്ളടക്കത്തിലും പരീക്ഷണങ്ങൾ നടത്തുന്ന സിനിമകളാണ് ഈ വിഭാഗത്തിൽ തെരഞ്ഞെടുക്കേണ്ടത് എന്ന് നിയമാവലിയിൽ നിർദ്ദേശിച്ചിട്ടുണ്ട് . ഇങ്ങനെ മലയാള സിനിമയിലെ നവീനപരീക്ഷണങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിലും മേള വലിയ പങ്ക് വഹിക്കുന്നു.

(ബി) വർഷംതോറും വർധിച്ചുവരുന്ന പ്രേക്ഷക താൽപ്പര്യവും ചലച്ചിത്രമേളയുടെ അന്താരാഷ്ട്ര പ്രാധാന്യവും കണക്കിലെടുത്ത് മേളയ്ക്ക് അനുയോജ്യമായ സ്ഥിരം വേദി ഒരുക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

മറുപടി: കേരള അന്താരാഷ്ട്ര ചലച്ചിത്രമേള (IFFK) ക്ക് ഒരു സ്ഥിരംവേദി ഒരുക്കുന്നതിന് 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ 50 കോടി രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് 30.09.2016 ൽ ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിനോട അനുബന്ധിച്ചുള്ള 15 ഏക്കർ ഭൂമിയിൽ ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കാൻ തീരുമാനിക്കുകയും പദ്ധതിയുടെ എസ്റ്റിമേറ്റ് 100 കോടി രൂപയായി വർധിപ്പിക്കുകയും ചെയ്തു. പിന്നീട് 2017ൽ 100 കോടി രൂപയ്ക്ക് കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി കോംപ്ലക്സ് നിർമ്മിക്കാൻ ഭരണാനുമതി നൽകി . വിശദമായ പദ്ധതി രേഖ ഉൾപ്പെടെയുള്ള കാര്യങ്ങളുമായി മുന്നോട്ടുപോയെങ്കിലും നഗരത്തിൽനിന്നുള്ള ദൂരം സംബന്ധിച്ച് ഉയർന്ന വിമർശനങ്ങൾ ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ ചിത്രാഞ്ജലിയിൽ സ്ഥിരം വേദി നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല.

തുടർന്ന് ഭൂമി കണ്ടെത്താനുള്ള നിരന്തര ശ്രമങ്ങൾക്കൊടുവിൽ കഴക്കൂട്ടം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ 5 ഏക്കർ സ്ഥലം കേന്ദ്രസർക്കാരിൽ നിന്നും ഡീനോട്ടിഫൈ ചെയ്തു ലഭിച്ചു. എന്നാൽ കിഫ്ബിയിൽ നിന്ന് ഫണ്ട് ലഭിക്കുന്നതിനെക്കുറിച്ചുള്ള ഉറപ്പ് ലഭിക്കുകയുണ്ടായില്ല. അതിനാൽ കിൻഫ്രയ്ക്ക് നൽകേണ്ട ലീസ് പ്രീമിയം തുക നൽകാനും കഴിഞ്ഞില്ല. തുടർന്ന് കിഫ്ബി പദ്ധതികളുടെ അവലോകന യോഗത്തിൽ കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നത് പ്രായോഗികമല്ലെന്ന് തീരുമാനിക്കുകയുണ്ടായി. അന്താരാഷ്ട്ര മേളയ്ക്ക് അനുയോജ്യമായ സ്ഥിരം വേദി ഒരുക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു .

(സി) തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രമേളയെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമായ ജനകീയ സാംസ്കാരികോത്സവമാക്കി മാറ്റുന്നതിനും അതിന്റെ അന്താരാഷ്ട്ര നിലവാരവും പ്രേക്ഷകപങ്കാളിത്തവും വർധിപ്പിക്കുന്നതിനും ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി സർക്കാർ പ്രത്യേക പ്രചരണ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: കേരള അന്താരാഷ്ട്ര ചലച്ചിത്രമേള (IFFK) യെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമായ ജനകീയ സാംസ്കാരികോൽസവമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. 16000 ത്തോളം പേർ നിലവിൽ ഡെലിഗേറ്റുകളായി മേളയിൽ പങ്കെടുക്കുന്നുണ്ട്. ഇത്തവണ 17 തിയേറ്ററുകളിലാണ് മേള നടത്താൻ ഉദ്ദേശിക്കുന്നത്. അന്താരാഷ്ട്ര മേളകളിൽ പ്രദർശിപ്പിക്കപ്പെട്ട ഏറ്റവും മികച്ച ചിത്രങ്ങൾ 31 -ാം പതിപ്പിൽ ഉൾപ്പെടുത്തും. അന്താരാഷ്ട്രതലത്തിൽ പ്രമുഖരായ ചലച്ചിത്ര പ്രവർത്തകർ അടങ്ങുന്ന ജൂറി മൽസര വിഭാഗത്തിലെ സിനിമകൾ വിലയിരുത്തും.

മേളയെ ഒരു ജനകീയ സാംസ്കാരിക ഉത്സവമാക്കി മാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരവും പ്രേക്ഷക പങ്കാളിത്തവും വർധിപ്പിക്കുന്നതിനും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി പ്രത്യേക പ്രചാരണ നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നു.

സെക്ഷൻ ഓഫീസർ